**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5427** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>ആദ്യഘട്ടം എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ പതിനൊന്ന് സ്ഥലങ്ങളിലാണ് ഡ്രൈവിംഗ് സ്കൂളുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. ആദ്യ സ്കൂൾ കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ ജൂൺ 26 മുതൽ പ്രവർത്തനം ആരംഭിച്ചു. |
| (ബി) | എങ്കിൽ ഡ്രൈവിംഗ് സ്കൂളുകളിൽ നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ ഘടന, ഡ്രൈവിംഗ് പരിശീലന പദ്ധതികൾ എന്നിവ എപ്രകാരമാണെന്ന് വിശദമാക്കാമോ; | (ബി) | ഹെവി മോട്ടോർ വെഹിക്കിൾ - 9,000/-<br><br>ലൈറ്റ് മോട്ടോർ വെഹിക്കിൾ - 9,000/-<br><br>ടൂ വീലർ വിത്ത് ഗിയർ / വിത്തൗട്ട് ഗിയർ - 3,500/-<br><br>ലൈറ്റ് മോട്ടോർ വെഹിക്കിൾ & ടൂ വീലർ വിത്ത് ഗിയർ / വിത്തൗട്ട് ഗിയർ - 11,000/-.<br><br>മോട്ടോർ വാഹന വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള ക്ലാസ് റൂം, ടൈം ടേബിൾ അനുസരിച്ചുള്ള പരിശീലനം എന്നിവക്കൊപ്പം മെച്ചപ്പെട്ട പരിശീലനത്തിനായി സിമുലേറ്റർ വാങ്ങാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഗുരുവായൂർ മണ്ഡലത്തിൽ ഗുരുവായൂർ ഡിപ്പോയുടെ മേൽനോട്ടത്തിൽ ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | ആദ്യഘട്ടം എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ പതിനൊന്ന് സ്ഥലങ്ങളിലാണ് ഡ്രൈവിംഗ് സ്കൂൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ഗുരുവായൂർ ഉൾപ്പെടുന്നില്ല. മോട്ടോർ വാഹന വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്ഥല ലഭ്യത ഉൾപ്പെടെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ